## ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കിയുടെ നടപടിക്രമം.

**(ഹാജർ: എച്ച്. ദിനേശൻ ഐ എ എസ്)**

വിഷയം: കൊവിഡ് 19 – ഇടുക്കി ജില്ല - കൺടെയിൻമെൻറ് മേഖലകൾ വിജ്ഞാപനം ചെയ്ത്/വിടുതൽ ചെയ്ത് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം :
1) G.O (Ms) No. 18/2020/DMD തീയതി 17.06.2020
2) G.O (Rt) No. 691/2020/DMD തീയതി 01.09.2020
3) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 27/10/2020 ലെ 40-3/2020-DM- I (A) നമ്പർ ഉത്തരവ്.
4) ജില്ലാ മെഡിക്കൽ ഓഫീസർ (ആ) യുടെ 13/11/2020 തീയതിയിലെ അപേക്ഷ.

**ഉത്തരവ് നമ്പർ DCIDK/1640/2020 – DM1 (1) തീയതി: 13-11-2020**

കൊവിഡ് - 19 നിർവ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ സംബന്ധിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൺടെയിൻമെന്റ് മേഖലകളിൽ നിലവിലെ ലോക്ക്ഡൌൺ നിയന്ത്രണങ്ങൾ **30.11.2020** വരെ ദീർഘിപ്പിച്ചും ആവശ്യമെങ്കിൽ പ്രസ്തുത മേഖലകളിൽ അധിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയും ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ കണ്ടെയ്ൻമെന്റ് മേഖലകൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ജില്ലയിലെ കൊവിഡ് വ്യാപനം കണക്കിലെടുത്ത് കണ്ടെയ്ൻമെന്റ് മേഖലകളിൽ ഉൾപ്പെടുത്തേണ്ട/ ഒഴിവാക്കേണ്ട മേഖലകൾ സംബന്ധിച്ച് പരാമർശം (4) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ (ആ) ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ജില്ലയിൽ സമ്പർക്കം മൂലമുള്ള കോവിഡ് 19 പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കണ്ടൈൻമെൻറ് മേഖലകളായി വിജ്ഞാപനം ചെയ്തിരുന്ന ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡുകളിൽ/ പ്രദേശങ്ങളിൽ കൂടുതലായി സമ്പർക്കത്തിലൂടെയുള്ള കോവിഡ് 19 പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത നിലവിലെ സാഹചര്യത്തിൽ **ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വാർഡുകൾ/ പ്രദേശങ്ങൾ കണ്ടൈൻമെൻറ് മേഖലകളിൽ നിന്നും ഒഴിവാക്കി ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 30 (2) (v) പ്രകാരം ഉത്തരവാകുന്നു.**

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനം | കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖല |
|---|---|---|
| | തൊടുപുഴ മുൻസിപ്പാലിറ്റി | 1. വാർഡ് 14, 15, 16 എന്നിവയിൽ ഉൾപ്പെടുന്ന കാരിക്കോട് നൈനാർ പള്ളി മുതൽ രണ്ടുപാലം വരെയുള്ള റോഡിന്റെ ഇരുവശവും. |

| | | |
|---|---|---|
| | | 2. വാർഡ് 14 ൽ ഉൾപ്പെടുന്ന ഉണ്ടപ്ലാവ് മുതൽ മുതലക്കോടം മെയിൻ റോഡ് മുസ്ലിം പള്ളി വരെ (ക്രിസ്ത്യൻ പള്ളി ഉൾപ്പെടുന്നില്ല)<br>3. വാർഡ് 14, 16 എന്നിവയിൽ ഉൾപ്പെടുന്ന ഉണ്ടപ്ലാവ് മുതൽ മുതലക്കോടം - കോണിക്കമാലി റോഡ് വരെ<br>4. വാർഡ് 16 ൽ ഉൾപ്പെടുന്ന കുമ്മങ്കല്ല് ബി ടി എം സ്കൂൾ മുതൽ ഉണ്ടപ്ലാവ് വരെ<br>5. വാർഡ് 15 ൽ ഉൾപ്പെടുന്ന നൈനാർ പള്ളി മുതൽ യത്തീം ഖാന വരെ<br>6. വാർഡ് 15 ൽ ഉൾപ്പെടുന്ന ത്രിവേണി റോഡിന്റെ ഇരുവശവും ഉണ്ടപ്ലാവ് വരെ |

ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ/ പ്രദേശങ്ങൾ കണ്ടെയ്ൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖലകളായി തുടരുന്നതാണ്.

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖല |
|---|---|---|
| 1. | വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്ത് | വാർഡ് 2 ന്റെ ഭാഗമായ ഇളംദേശം തിയേറ്റർ പടി മുതൽ ഇറുക്കുപാലം വരെയുള്ള റോഡിന്റെ ഭാഗങ്ങൾ. |
| 2. | തൊടുപുഴ മുൻസിപ്പാലിറ്റി | 27, 28 വാർഡുകളിൽ ഉൾപ്പെട്ടു വരുന്ന തൊടുപുഴ ഗാന്ധി സ്ക്വയർ മുതൽ പ്രൈവറ്റ് ബസ്സ്റ്റാന്റ് വരെയുള്ള തൊടുപുഴ മെയിൻ മാർക്കറ്റ് റോഡിന് ഇരു വശങ്ങളും. (പച്ചക്കറി, മത്സ്യ, മാംസ മാർക്കറ്റുകൾ, കടകൾ, സ്റ്റാളുകൾ, സ്റ്റോറുകൾ, പോക്കറ്റ് റോഡുകൾ, വീടുകൾ എന്നിവ ഉൾപ്പെടെയുള്ള മെയിൻ മാർക്കറ്റ് ഏരിയ പൂർണ്ണമായും.) |
| 3. | ചിന്നക്കനാൽ ഗ്രാമ പഞ്ചായത്ത് | വാർഡ് 11, 12 എന്നിവയിൽ ഉൾപ്പെടുന്ന പെരിയകനാൽ എസ്റ്റേറ്റിലെ ഗണപതി അമ്പലം മുതൽ എസ്റ്റേറ്റ് ഡോക്ടറുടെ ബംഗ്ലാവ് വരെയുള്ള പെരിയകനാൽ - വിളക്ക് റോഡിന്റെ ഇരുവശവും |
| 4. | കുമാരമംഗലം ഗ്രാമ പഞ്ചായത്ത് | വാർഡ് 1, 2 എന്നിവയിൽ പെട്ട പെരുമാങ്കണ്ടം, അമ്പലപ്പടി, കല്ലമ്പള്ളി ജംഗ്ഷനുകൾ ഉൾപ്പെടുന്ന ഈസ്റ്റ് കലൂർ സബ് സെന്ററിന്റെ 500 മീറ്റർ ചുറ്റളവിലുള്ള ഭാഗം |
| 5. | ഇടവെട്ടി ഗ്രാമ പഞ്ചായത്ത് | 1, 7, 11, 13 വാർഡുകൾ പൂർണ്ണമായും. |
| 6. | പീരുമേട് ഗ്രാമ പഞ്ചായത്ത് | 4 -ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന തെപ്പക്കുളം - കൊടുവാക്കർണ്ണം 3 -ാം ഡിവിഷന്റെ ഭാഗങ്ങൾ |

**കൺടെയിൻമെന്റ് മേഖലകൾ ഒഴികെയുള്ള ജില്ലയുടെ മറ്റ് മേഖലകളിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും ഇളവുകളും ബാധകമായിരിക്കുന്നതാണ്.**

ഈ ഉത്തരവിന് ഇന്നേ ദിവസം **(13.11.2020)** മുതൽ കണ്ടെയ്ൻമെൻറ് മേഖലയിൽ നിന്നും പ്രസ്തുത കണ്ടെയ്ൻമെൻറ്/ മൈക്രോ കണ്ടെൻമെൻറ് മേഖലകളെ ഒഴിവാക്കുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ജില്ലാ കളക്ടർ & ചെയർമാൻ
ജില്ലാ ദുരന്ത നിവാരണ അതോറിറ്റി

സ്വീകർത്താക്കൾ -

1. ജില്ലാ പോലീസ് മേധാവി, ഇടുക്കി
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), ഇടുക്കി
3. സബ് കളക്ടർ, ദേവികുളം.
4. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി.
5. എല്ലാ തഹസിൽദാർമാർക്കും.
6. സെക്രട്ടറി, തൊടുപുഴ/കട്ടപ്പന നഗരസഭ.
7. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (ഡിഡിപി മുഖേന)
8. ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് (തഹസിൽദാർ മുഖേന)

പകർപ്പ് -

1. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഇടുക്കി, തൊടുപുഴ
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (പ്രസിദ്ധീകരണത്തിനായി)
3. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, ഇടുക്കി (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്